# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4662** | 22.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## നികുതി സേവന ഉപദേശക യൂണിറ്റുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.റ്റി. നിലവിൽ വന്ന സാഹചര്യത്തിൽ ഉണ്ടായ നികുതി സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി നികുതി സേവന ഉപദേശക യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ), (ബി) & (സി) | ജി.എസ്.ടി യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരികളുടെയും സംശയനിവാരണത്തിനായി സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്പ്ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.എസ്.ടി ഹെൽപ്പ്ഡെസ്കുകളുടെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ജി.എസ്.ടി യുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പ്രശ്നങ്ങൾ വകുപ്പ് മന്ത്രിയുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ മേഖലകളിലെ പ്രതിനിധികളേയും ഉന്നതോദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യാപാരികൾക്കും നിക്ഷേപകർക്കും ഇത്തരം യൂണിറ്റുകൾ ഏത് തരത്തിൽ പ്രയോജനപ്പെടുത്താമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ